# വിപശ്യന പത്രിക

*വിപശ്യന പത്രിക സയാജി ഊ ബാ ഖിൻൻറെ പരമ്പരയ്ക്കനുസരിച്ച്*

**Vol . 8, No. 10 :** ഒക്ടോബർ 2016 — വിപസ്സന റിസർച്ച് ഇൻസ്ററിറ്റ്യൂട്ട്

മലയാളം മാസ പത്രിക — ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര


### *ധർമ്മ വാണി*

*ആവോ പ്രാണീ വിശ്വ കെ,*
*സുനോ ധർമ്മ കാ ജ്ഞാൻ.*
*ഇസ്മേ സുഖ ഹൈ ശാന്തി ഹൈ,*
*മുക്തി മോക്ഷ് നിർവാൺ.*

വരൂ വിശ്വത്തിലെ പ്രാണികളെ,
കേൾക്കൂ ധർമ്മത്തിലടങ്ങിയ ജ്ഞാനം,
ഇതിൽ സുഖമുണ്ട്, ശാന്തിയുണ്ട്,
മുക്തി, മോക്ഷം, നിർവ്വാണം അടങ്ങിയിട്ടുണ്ട്.

— **എസ. എൻ. ഗോയങ്ക**

# ഗൃഹസ്ഥരുടെ ആചാര-നിയമാവലി – 1

**എസ. എൻ. ഗോയങ്ക**

(പത്രിക സംഗ്രഹം എന്ന പഴയ ഹിന്ദി പത്രിക സംഗ്രഹത്തിൻറെ പുസ്തകത്തിൽ നിന്ന്)

മഗധദേശത്തെ തലസ്ഥാനമായ രാജഗൃഹ.

ധനികനായ സേട്ഠുപുത്രൻ സിഗാൽ അതി രാവിലെ എഴുന്നേറ്റ് നഗരത്തിൻറെ പുറത്തേക്ക് പോയി. ഈറൻ വസ്ത്രവും, ഈറൻ തലമുടിയോടേയും കിഴക്ക്, തെക്ക്, പടിഞ്ഞാറ്, വടക്ക്, മുകൾ, താഴെ – ആറു ദിശകളിലേക്ക് കൈ കൂപ്പി നമസ്കരിക്കാൻ തുടങ്ങി. അന്നത്തെ കാലത്തെ വിവിധ പൂജാ-വിധികളും കർമ്മാനുഷ്ഠാനങ്ങളിൽ നിന്നും ഇതൊന്നായിരിക്കാം. അതെ സമയം ഭഗവാൻ വേണുവനവിഹാരത്തിൽ നിന്നും ഇറങ്ങി രാജഗൃഹനഗരത്തിലേക്ക് ഭിക്ഷാടനത്തിനായി നടക്കുകയുണ്ടായി. വഴിയിൽ സേട്ഠുപുത്രനായ സിഗാലനെ ആറു ദിശകളെ നമസ്കരിക്കുന്നത് കണ്ടു. ചോദിച്ചു... ഗൃഹപതി പുത്രാ! ഇതെന്താ ചെയ്യുന്നത്?

സിഗാലൻ ഉത്തരം കൊടുത്തു..."ഭന്തെ, ഭഗവാനെ! ദിശകളേയാണ് നമസ്കരിക്കുന്നത്. എൻറെ അച്ഛൻ മരിക്കുന്നേരം ദിശകളെ നമസ്കരിക്കാൻ ആദേശിച്ചിരുന്നു! ആയതിനാൽ അച്ഛൻറെ അന്തിമാദേശം പാലിക്കുകയാണ് ഞാൻ."

"ഗൃഹപതി പുത്രാ! ആര്യധർമ്മത്തിൽ ഇപ്രകാരമല്ല നമസ്കരിക്കേണ്ടത്." ഭഗവാൻ പറഞ്ഞു.

"ഓ ശരി ഭഗവാനെ! ദയവായി എനിക്ക് ആര്യധർമ്മത്തിൻറെ ജ്ഞാനം പറഞ്ഞു മനസ്സിലാക്കി തരാമൊ."

സേട്ഠുപുത്രൻ സിഗാലൻറെ പ്രാർത്ഥന കേട്ട് ആ സമയം സിഗാലനെ ഉപദേശിച്ചു കൊടുത്തത് സിഗാലന് മാത്രമല്ല എന്നാൽ എല്ലാ ഗൃഹസ്ഥർക്കും അത്യന്തം മംഗളം പ്രദാനം ചെയ്യുന്നതാണ്. ഗൃഹസ്ഥർക്കുവേണ്ടിയുള്ള ഈ ആചാര-നിയമാവലി ശുദ്ധ ആര്യ ധർമ്മത്തേ പോലെ തന്നെ സാർവ്വജനീനം, സാർവ്വദേശികം, സാർവ്വകാലികവുമാണ്. 2500 വർഷങ്ങൾ മുമ്പ് സിഗാലന് ഉദകിയ പോലെതന്നെ ഇന്നത്തെ കാലത്തും സദ്ഗൃഹസ്ഥനും അതക്രും ഉപകരിക്കുന്നതാണ്.

വരൂ, ഭഗവാൻറെ ഈ മംഗളകരമായ ഉപദേശം കേൾക്കാം.

ഭഗവാൻ പറഞ്ഞു, "ഗൃഹപതിപുത്രാ! ആര്യഗൃഹസ്ഥൻ നാലു തരത്തിലെ കർമ്മക്ലേശത്തിൽ നിന്ന് അകന്നിരിക്കും. നാലു തരത്തിലെ ദൂഷിതമായ

മനൊ-ചേതനയിൽ ആധരിച്ചിരിക്കുന്ന പാപ കർമ്മം തെജിക്കും. ആറു തരത്തിലെ വിനാശത്തിലേക്ക് നയിക്കുന്ന ആചരണത്തിൽ നിന്ന് തന്നെ സംരക്ഷിക്കും. ഇങ്ങനെ 14 തരത്തിൽ സംയമിച്ച ജീവിതം ജീവിച്ചുകൊണ്ട് ആറു ദിശകളെ മൂടി വെച്ച് (ആച്ഛാദനം ചെയ്ത്), പൂർണ്ണ സംരക്ഷണത്തിൽ ജീവിച്ചുകൊണ്ട് തൻറെ ഈ ലോകവും, പരലോകവും, രണ്ടിനേയും ആര്യഗൃഹസ്ഥൻ മെച്ചപ്പെടുത്തുന്നു. ഈ ജീവിതം സഫലവും, സാർത്ഥകവും ആക്കിക്കൊണ്ട് ശരീരം വിട്ട് മരിക്കുമ്പോൾ സുഗതി പ്രാപിക്കുന്നു. "

"**ഹത്യ, മോഷണം, വ്യഭിചാരം, അസത്യ ഭാഷണം** – ഈ നാലും കർമ്മ-ക്ലേശങ്ങളാകുന്നു. മലിനമായ കർമ്മമാകുന്നു. ഇത്തരം കർമ്മം, ഇതുകൊണ്ട് ക്ലേശം മാത്രമെ വർദ്ധിക്കൂ."

"ഈ നാലം – ശരീരവും, വാണിയുടേയും ദുഷ്കർമ്മങ്ങളാണ് – ഇതുകൊണ്ട് വ്യക്തി അന്യ പ്രാണികളുടെ സുഖം തട്ടിയെടുക്കുന്നു, അവരുടെ ദുഖത്തിനു കാരണക്കാരാകുന്നു, പരിണാമമായി സ്വയം ദുഖിതരായിത്തീരുന്നു."

"ഈ നാലിൽ നിന്ന് അകന്നിരുന്ന് ഒരു സദ്ഗൃഹസ്ഥൻ സാധന പരിശീലിച്ച് തൻറെ മനസ്സിനെ വശത്താക്കുകമാത്രമല്ല, എന്നാൽ അതിനെ നിർമ്മലവും ആക്കുന്നു. വികാരത്തിൽ നിന്ന് വിടുതൽ നേടി, ഈ **രാഗം, ദ്വേഷം, മോഹം, ഭയം** എന്ന നാലു ദൂഷിതമായ മനോചേതനയെ ആധാരമാക്കി ചെയ്യാവുന്ന പാപ-പ്രവർത്തി കർമ്മം ചെയ്യുന്നില്ല. "

"ഇതേ പ്രകാരം എട്ടു തരത്തിലുള്ള ദോഷങ്ങളിൽ നിന്ന് അകന്നിരിക്കുന്ന സദ്ഗൃഹസ്ഥൻ വിവേകത്തോടെ തൻറെ ശേഖരിച്ചു വെച്ച ധനം കാത്തു രക്ഷിക്കുന്നു. ധനം നഷ്ടപ്പെടാവുന്ന 6 കാരണങ്ങളിൽ നിന്ന് അകന്നിരി ക്കുന്നു." **ധന-നാശത്തിൻറെ 6 കാരണങ്ങൾ ഇപ്രക്രാ രമാണ്**–

1. മദ്യ-സേവനം.
2. അസമയത്ത് തെരുവിലും, ഇടുങ്ങിയ വഴിക ളിലൂടേയും ചുറ്റിസഞ്ചാരം.
3. കളി-തമാശ സേവനം.
4. ചൂതുകളി സേവനം.
5. പാപ-മിത്രങ്ങളുടെ കൂടെ കൂട്ടുകെട്ട്.
6. ആലസ്യം.

**1. മദ്യ സേവനത്തിൻറെ ദുശ്ശീലം കാരണം –**

1. കൺമുമ്പിൽ വെച്ചുതന്നെ ധനം നഷ്ടപ്പെടൽ.
2. ദ്രോഹം-കലഹം വർദ്ധിക്കുന്നു.
3. പല തരത്തിലുള്ള രോഗങ്ങളുടെ ദ്വാരങ്ങൾ തുറക്കപ്പെടുന്നു.
4. അസാഫല്യം സമ്പവിക്കുന്നു.
5. ലജ്ജ കുറഞ്ഞു വരുന്നു.
6. പ്രജ്ഞ ക്ഷീണമാകുന്നു.

**2. അസമയത്ത് തെരുവുകളും, ഇടുങ്ങിയ വഴികളിലൂടെയും ചുറ്റിസഞ്ചരിക്കുന്ന ദുശ്ശീലത്താൽ -**

1. സ്വയം അസുരക്ഷിതനാകുന്നു.
2. വീട്ടിലെ സ്ത്രീ-പുത്രൻ അസുരക്ഷിത നാകുന്നു.
3. ധന-സമ്പത്ത് അസുരക്ഷിതമാകുന്നു.
4. മറ്റാരെങ്കിലും ചെയ്ത പാപകർമ്മങ്ങളുടെ സന്ദേഹം തൻറെ തലക്കൽ ആകാനുള്ള സാധ്യതകൾ സൃഷ്ടിക്കപ്പെടുന്നു.
5. അസത്യമായ കുറ്റങ്ങൾ ഏൽക്കേണ്ടി വരുന്നു.
6. സത്യത്തിലും അനേകം ദുഖം ജനിപ്പിക്കുന്ന ദുഷ്കർമ്മങ്ങൾ ചെയ്തു കൂട്ടുകയും ചെയ്യുന്നു.

**3. കളി-തമാശയുടെ ദുശ്ശീലം കാരണം** – ഈ ചിന്തയിൽ സദാ സമയം പൊരുതികെട്ടിരിക്കും – ഇന്ന് എവിടെ നൃത്തം, എവിടെ ഗീതം, എവിടെ വാദ്യം, എവിടെ കഥാ-പ്രസംഗം, എവിടെ മൃദംഗത്തിൻറെ കലാ-പരിപാടി ഒരുക്കിയിട്ടുണ്ട്?

ദിവസവും പുതിയ നൃത്ത-ഗാനം, കളി-തമാശ, സിനിമാ-തീയേറ്റർ, നൈറ്റ-ക്ളബ്ബുകളിൽ പോയി ക്കൊണ്ടിരിക്കാനുള്ള ദുശ്ശീലം - ധനം, ചാരിത്രം, സ്വാസ്ഥ്യം, മൂന്നിൻറെയും നാശം ചെയ്യുന്നു.

**4. ചൂതുകളിയുടെ ദുശ്ശീലം കാരണം –**

1. ജയിച്ചാൽ വെറുപ്പ് ഉത്പന്നമാകും.
2. തോറ്റാൽ ധന-നഷ്ടത്തിൻറെ ശോകം ഉത്പന്നമാകും.
3. കൺമുമ്പിൽ വെച്ചുതന്നെ ധന-ഹാനി സംഭവിക്കുന്നു.
4. അവരുടെ വാക്കുകൾ സമൂഹം വിശ്വസി ക്കുന്നില്ല.
5. നല്ല സുഹൃത്തുമാരും, മിത്രമ്മാരും തിരസ്ക രിക്കുന്നു.

6. അവിവാഹിതനാണെങ്കിൽ ഏത് അച്ഛനും ഇവന് തൻറെ ഭാര്യാ-പുത്രനെ നോക്കാനുള്ള ശേഷിയില്ല എന്ന കാര്യം അറിഞ്ഞുകൊണ്ട് അവനായി മകളെ വിവാഹം കഴിപ്പിച്ച് കൊടുക്കില്ല.

**5. പാപ മിത്രന്മാരുടെ കൂടെ കൂട്ടുകൂടുന്നതു കാരണം –**

ഏതു നല്ല മനുഷ്യനും അവൻറെ കൂടെ നിൽക്കില്ല. കേവലം വഞ്ചകനും, വ്യഭിചാരിയും, കുടിയനും, പോക്കിറിയും, ചതിയനും, കൌശലക്കാരനും മാത്രമെ അവൻറെ മിത്ര-സുഹൃത്താവാൻ വഴിയുള്ളു.

ദുർജ്ജനങ്ങളുടെ കൂട്ടുകൂടലും, സജ്ജനങ്ങളിൽ നിന്ന് അകന്നിരിക്കുന്നതും കാരണം ശേകരിച്ചുവെച്ച സമ്പത്ത് നഷ്ടപ്പെടുത്തുന്നു. വിധത്തിലും-തരത്തിലും ഉള്ള ദുഖങ്ങളുടെ പങ്ക് കിട്ടുന്നു.

**6.ആലസ്യത്തിൻറെ ദാസനായതു കാരണം –**

1. വളരെ തണുപ്പാണ്.
2. വളരെ ചൂടാണ്.
3. വളരെ നേരമായി.
4. വളരെ പുലർച്ചയാണ്.
5. വളരെ വെശുക്കുന്നു.
6. വളരെ ഏറെ കഴിച്ചു.

ഇത്തരം ഒഴുവുകഴിവുകൾ തേടി ചെയ്യേണ്ട കാര്യം ചെയ്യില്ല. പരിണാമമായി ഇല്ലാത്ത സമ്പത്ത പ്രാപ്തമാക്കാൻ കഴിയുന്നില്ല. പ്രാപ്തമായ സമ്പത്ത് കളഞ്ഞ് കുളിക്കുന്നു........

സമ്പത്ത് സാശത്തിൻറെ ഈ 6 കാരണത്തിൽ നിന്ന് **അഞ്ചാമത്തതായ പാപമിത്രങ്ങളുടെ കൂട്ടു കൂടുന്ന കാരണത്തിന് ഭഗമാൻ കൂടുതൽ ഊന്നൽ നൽകിയിരുന്നു.**

ഭഗവാൻ പറഞ്ഞു, "ഗൃഹപതി പുത്രാ, ഈ നാലു പേരെ സുഹൃത്തിൻറെ രൂപത്തിൽ ശത്രുവായി മനസ്സിലാക്കണം."

**1. പരധനം തട്ടിയെടുക്കുന്ന മിത്രൻ –** ഇത്തരം ദുരാഗ്രഹമുള്ള വ്യക്തി –

1. പരധനം തട്ടിയെടുക്കാനുള്ള ഉദ്ദേശത്തോടെ മാത്രം സൌഹൃദം ചെയ്യുന്നു.
2. കുറച്ചു കൊടുത്തിട്ട് കൂടുതൽ തട്ടിയെടുക്കുന്നു.
3. പലവിധ ആപത്തുകൾ സൃഷ്ടിക്കുന്ന ഇത്തരം കാര്യങ്ങൾ ചെയ്യുന്നു.
4. തൻറെ കാര്യം നേടാൻ വേണ്ടി കൂട്ടു കൂടുന്നു.

**2. വർത്തമാനശൂരനായ മിത്രൻ –** ഈ വ്യക്തി ഒരു ഉപയോഗത്തിനും ഒദകില്ല, പക്ഷെ കേവലം വർത്തമാനം ഉണ്ടാക്കി പറയും. അവൻ...

1. പോയ കാലത്ത് സഹായിക്കാൻ എത്ര തീവ്രമായ ഇച്ഛയുള്ളവനായിരുന്നു – അതു സമ്പന്ധിച്ച് അസത്യമായ പൊങ്ങച്ചം കാട്ടും.
2. ഭാവിയിൽ വേണ്ടിവന്നാൽ എങ്ങനെ സഹായിക്കും – അതു സമ്പന്ധിച്ച് പൊക്കിക്കൂട്ടി പറയും.
3. വർത്തമാനകാലത്തെ നമ്പന്ധിച്ച് കാറ്റിൽ പാലം കെട്ടും.
4. പക്ഷെ സത്യത്തിൽ വേണ്ടിവരുമ്പോൾ മുഖം ഒളിക്കും.

**3. മുഖസ്തുതി ചെയ്യുന്ന മിത്രൻ –** ഇയാൾ –

1. ചീത്ത കാര്യത്തിനും ശരിയിൽ ശരി വെക്കും.
2. നല്ല കാര്യത്തിനും ശരിയിൽ ശരി വെക്കും.
3. മുഖത്ത് പ്രശംസ ചെയ്യും.
4. പുറകിൽ നിന്ദിക്കും.

**4. വിനാശത്തിന് സഹായിക്കുന്ന മിത്രൻ –** ഇത്തരം വ്യക്തി –

1. മദ്യസേവനത്തിൻറെ ദുശ്ശീലത്തിൽ കുടുക്കാൻ ഒപ്പം നിൽക്കും.
2. അസമയത്ത് തെരുവിലും, ഇടുങ്ങിയ വഴികളിലും തെമ്മാടിത്തരം ചെയ്യാൻ ഒപ്പം നിൽക്കും.
3. കളി-തമാശയിൽ മുഴുകിയിരിക്കാൻ ഒപ്പം നിൽക്കും.
4. പ്രമാദകരമായ ചൂതുകളിയുടെ ദൂശ്ശീലത്തിൽ ഒപ്പം നിൽക്കും.

ഭഗവാൻ പറഞ്ഞു – ഈ നാലു തരത്തിലുള്ള വ്യക്തികളെ സുഹൃത്തിൻറെ രൂപത്തിൽ ശത്രു എന്ന് മനസ്സിലാക്കി ഇവരുമായിട്ടുള്ള സംഗമം ശീഘ്രാതി ശീഘ്രം വിടുന്നതിലാണ് നന്മ.

തുടരും...